(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് ആരാഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) മദ്യവർജ്ജന പ്രചാരണ പരിപാടിമൂലം എന്തുമാത്രം പുരോഗതി ഇക്കാര്യത്തിൽ നേടുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) 'മദ്യവർജ്ജന പ്രചാരണപരിപാടി' ഗവൺമെന്റ് ഏറ്റെടുത്തിട്ടും ഫലപ്രാപ്തിയിലെത്താത്തതിന് കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള ലേലസമ്പ്രദായം നിർത്തി കള്ളിന്റെ ഉല്പാദനവും വിതരണവും കള്ളുഷാപ്പുകളുടെ നടത്തിപ്പും റേഞ്ച്തലത്തിൽ രൂപീകരിക്കുന്ന റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്തുതൊഴിലാളികളും കള്ളുഷാപ്പു തൊഴിലാളികളും അംഗങ്ങളായി രജിസ്റ്റർ ചെയ്യുന്ന സഹകരണസംഘങ്ങളെ ഏല്പിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) മദ്യവർജ്ജന പ്രചാരണ പരിപാടികൾമൂലം ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) മദ്യവർജ്ജന പ്രചാരണ പരിപാടികൾ ഫലപ്രാപ്തിയിൽ എത്തുന്ന കാര്യത്തിൽ കുറെ പുരോഗതിയുണ്ട്.

കാർഷിക മേഖലയിലെ അർബൻ സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം

11 (*219) ശ്രീ. എം. എ. തോമസ്;
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ അർബൻ സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം ഈ സർക്കാർ പരിശോധിച്ചുവോ ;

(ബി) എങ്കിൽ അർബൻ സൂപ്പർ മാർക്കറ്റുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവയുടെ പ്രവർത്തനംമൂലം എത്രമാത്രം സാധിച്ചു എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് അർബൻ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നതെന്നു വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം അർബൻ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് കൂടുതൽ അർബൻ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ-ഇ) കൃഷി വകുപ്പിനു കീഴിൽ അർബൻ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല.

കാർഷിക വിഭവങ്ങൾക്ക് വിദേശ വിപണി

12 (*220) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ സർക്കാർ കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക വിഭവങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതിന് വിദേശ ഏജൻസികളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ കാർഷിക വിഭവങ്ങളാണ് ശാസ്ത്രീയമായി സംസ്ക്കരിച്ചു വരുന്നതെന്നും കയറ്റി അയയ്ക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ മൊത്തവ്യാപാര മാർക്കറ്റിംഗ് സംവിധാനം കാർഷിക വിഭവങ്ങളുടെ വിദേശ കയറ്റുമതിയിൽ എത്ര കണ്ടു പ്രയോജനകരമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly